## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **120** 10-06-2013-ൽ മറുപടിക്ക്

### ചിക്കോപ്പിന്റെ പുനരുദ്ധാരണം

| ചോദ്യം: | | ഉത്തരം: |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ചാരായ നിരോധനം മൂലം സാമ്പത്തിക പ്രതിസന്ധിയിലായ ചിറ്റൂർ സഹകരണ പഞ്ചസാര ഫാക്ടറി (ചിക്കോപ്പ്)യുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 27-03-2008 -ന് പുറത്തിറക്കിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;<br>(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന് ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കാൻ പുതിയ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | | (എ)-യും, (ബി)-യും<br>ചിക്കോപ്പിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി, 27-03-2008-ലെ G.O.(Ms) No.65/2008/TD നമ്പർ ഉത്തരവ് പ്രകാരം, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഉല്പാദനം ലക്ഷ്യമാക്കി, മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന പുതിയ കമ്പനി രൂപീകരിക്കുകയും, ചിക്കോപ്പിന്റെ ഭൂമിയും, കെട്ടിടങ്ങളും, ജീവനക്കാരും ഉൾപ്പെടെ, പുതിയ കമ്പനിയിലേക്ക് കൈമാറുകയും ചെയ്തു. പുതിയ കമ്പനി പ്രവർത്തനം ആരംഭിക്കാത്തതിനാൽ, ശമ്പളം നൽകുന്നതിന് സാമ്പത്തിക പരിമിതിയുള്ളതിനാൽ, ഇതിൽ കുറേ ജീവനക്കാരെ കെ.എസ്.ബി.സി.-യിൽ ഡെപ്യൂട്ടേഷനിൽ നിയമിച്ചു. |
| (സി) എക്സൈസ് വകുപ്പിന് കീഴിൽ ചിക്കോപ്പിനെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ഉല്പാദന യൂണിറ്റായി മാറ്റിയിട്ടുണ്ടോ; | (സി) | മാറ്റിയിട്ടില്ല. |
| (ഡി) കരിമ്പുവില കുടിശ്ശിക, ശമ്പള കുടിശ്ശിക, വി.ആർ.എസ്. ആനുകൂല്യം, ജില്ലാ ബാങ്ക് വായ്പ തുടങ്ങിയ 20.50 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; | (ഡി) | ചിക്കോപ്പിന്റെ ബാദ്ധ്യതയിൽ, സർക്കാർ സ്ഥാപനങ്ങൾക്ക് ഒഴികെയുള്ള തുക നൽകുന്നതിന്, സർക്കാരിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും 1001.71 ലക്ഷം രൂപ അനുവദിക്കുകയും, അതുവഴി ശമ്പള കുടിശ്ശികയുടെ 25 ശതമാനവും, ബാദ്ധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതും, അവകാശം ഉന്നയിച്ചതുമായ എല്ലാവിധ കുടിശ്ശികകളും തീർത്തിട്ടുണ്ട്. കൂടാതെ, കെ.എസ്.ബി.സി.-യിൽ നിന്നും ലഭ്യമാക്കിയ 4 കോടി രൂപ ഉപയോഗിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പാലക്കാട് ജില്ലാ സഹകരണ ബാങ്കിനുള്ള ബാദ്ധ്യതയും തീർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഫാക്ടറി സർക്കാരിലേക്ക് നൽകാനുള്ള 20.38 കോടി രൂപയുടെ ബാദ്ധ്യത എഴുതിത്തള്ളാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (ഇ) | ഫാക്ടറി, സർക്കാരിലേക്ക് നൽകാനുള്ള20.38 കോടി രൂപ, 27-03-2008-ലെ G.O.(Ms) No.65/ 2008/TD നമ്പർ ഉത്തരവ് പ്രകാരം, ബന്ധപ്പെട്ട വകുപ്പുകളുടെ / സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ എഴുതിത്തള്ളുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | പുതിയ കമ്പനിയുടെ എം.ഡി.-യായും ഭരണസമിതിയായും കെ.എസ്.ബി.സി. എം.ഡി-യേയും ഭരണസമിതിയേയും ചുമതലപ്പെടുത്തിയിട്ടുണ്ടോ; | | (എഫ്) & (ജി)<br><br>ഉണ്ട്. 31-12-2008-ലെ G.O.(Ms) No.1262/2008/ TD നമ്പർ ഉത്തരവ് പ്രകാരം, പുതിയ കമ്പനിയുടെ എം.ഡി.- യായും ഭരണസമിതിയായും കെ.എസ്.ബി.സി. എം.ഡി- യേയും ഭരണസമിതിയേയും ചുമതലപ്പെടുത്തുകയും, അതോടൊപ്പം, പുതിയ കമ്പനിയുടെ പ്രാരംഭ ചെലവുകൾ കെ.എസ്. ബി.സി.-യിൽ നിന്നും അനുവദിച്ച് നൽകണമെന്നും ഉത്തരവായിട്ടുണ്ട്. |
| (ജി) | പുതിയ കമ്പനിയിൽ വിദേശമദ്യം ഉൽപ്പാദനത്തിനുള്ള പ്രാരംഭ ചെലവുകൾ കെ.എസ്. ബി.സി.-യെ ഏൽപ്പിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (എച്ച്) | 27-03-2008-ന്റെ സർക്കാർ ഉത്തരവ് ഇനിയും നടപ്പിലാക്കിയിട്ടില്ലെങ്കിൽ ചിക്കോപ്പിന്റെ പുനരുദ്ധാരണത്തിനായി ഇവ എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ? | (എച്ച്) | 27-03-2008-ലെ G.O.(Ms) No.65/ 2008/TD നമ്പർ ഉത്തരവ് പ്രകാരമുള്ള, നടപടികൾ സ്വീകരിച്ചിട്ടുള്ളതും, അത് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ആഫീസർ